**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1985** **03-03-2025 - ൽ മറുപടിയ്ക്ക്**

**കേരള പി.എസ്.സി. നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യത്താകെ നടന്ന പി.എസ്.സി. നിയമനങ്ങളുടെ 56 ശതമാനവും കേരള പി.എസ്.സി. വഴിയാണെന്ന് ഔദ്യോഗിക ഏജൻസികൾ റിപ്പോർട്ട് ചെയ്തിട്ടും പ്രതിപക്ഷവും, വലതുപക്ഷമാധ്യമങ്ങളും നടത്തുന്ന വ്യാജപ്രചാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുറ്റമറ്റ രീതിയിൽ റെക്കോർഡ് നിയമനങ്ങൾ നടത്തി രാജ്യത്തിന് തന്നെ മാതൃതയായ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളും നേട്ടങ്ങളും ഇകഴ്ത്തി കാട്ടാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. |
| (ബി) | 2016-21 കാലത്തും 2021-മുതൽ ഇതുവരെയും നടന്നിട്ടുള്ള പി.എസ്.സി. നിയമന ശിപാർശകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2016 മെയ് മുതൽ 2021 മെയ് വരെ **1,61,268** ഉദ്യോഗാർത്ഥികൾക്കും, 2021 മെയ് മുതൽ 2025 ജനുവരി വരെ **1,11,335** ഉദ്യോഗാർത്ഥികൾക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട് . |
| (സി) | 2024-ൽ മാത്രം നടന്ന നിയമനങ്ങൾ എത്രയായിരുന്നു; 2025-ലെ മുഴുവൻ ഒഴിവുകളും യഥാസമയം തന്നെ റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ; | (സി) | **34,196** ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട് . 2025 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സി യെ അറിയിക്കുവാൻ 09-12-2024-ലെ ഉപ.സി3/200/2024/പി.&എ.ആർ.ഡി നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സാമ്പത്തിക പ്രതിസന്ധിക്കിടയിലും മുൻകാലങ്ങളിലെപ്പോലെ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പുതിയ തസ്തികകൾ ആവശ്യാനുസരണം സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ